# 1

# വിളയിക്കാം നൂറുമേനി

## മോഡ്യൂൾ 1


തയ്യാറാക്കിയത്

**സ്റ്റുവർട്ട് ഹാരീസ്**

(പ്രഥമാധ്യാപകൻ  അയ്യൻകാളി പഞ്ചമി സ്മാരക ഗവ യു പി സ്കൂൾ ഊരൂട്ടമ്പലം )







# വിളയിക്കാം നൂറുമേനി

- നിങ്ങൾ കണ്ട കൃഷിവിളകൾ ഏതെല്ലാമാണ്?
- ഈ വിളകളിൽ ഏതെല്ലാം നിങ്ങളുടെ അടുക്കളത്തോട്ടത്തിലുണ്ട്?
- നിങ്ങളുടെ അടുക്കളത്തോട്ടത്തിലെ വിളകളിൽ ഇതുപോലെ ഫലങ്ങൾ ഉണ്ടാകാറുണ്ടോ?
- കാരണമെന്തായിരിക്കാം ?


ആ വലിയ മാവിനെപ്പോലെ എന്നാണ് എന്റെ മാവിലും ധാരാളം മാങ്ങകൾ ഉണ്ടാകുന്നത്?
കാത്തിരിക്കൂ. എട്ടുപത്ത് വർഷങ്ങൾ കഴിഞ്ഞാൽ നിന്റെ മാവും എന്നെപ്പോലെ ധാരാളം മാങ്ങകൾ തരും.

# വിളയിക്കാം നൂറുമേനി

- ഒരു മാവിൻ തൈ നട്ടു വളർത്തുമ്പോൾ നിങ്ങൾ എന്തെല്ലാമാണ് പ്രതീക്ഷിക്കുന്നത് ?


ധാരാളം
മാങ്ങയുണ്ടാവണം
വേഗം
കായ്ക്കണം
നല്ല മധുരമുള്ള
മാങ്ങയുണ്ടാവണം

# വിളയിക്കാം നൂറുമേനി

- പഴങ്ങൾ , പച്ചക്കറികൾ , ധാന്യങ്ങൾ എന്നിവ കൃഷിചെയ്യുമ്പോൾ നിങ്ങൾ എന്തെല്ലാമാണ് പ്രതീക്ഷിക്കുന്നത് ?

# വിളയിക്കാം നൂറുമേനി

- ഫലത്തിന് നല്ല ഗുണനിലവാരം ഉണ്ടായിരിക്കണം
- നല്ല വിളവ് ലഭിക്കണം
- വേഗം ഫലം ഉണ്ടാവണം

# വിളയിക്കാം നൂറുമേനി

- ഇതിനായി നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

# വിളയിക്കാം നൂറുമേനി

നല്ല വിത്തുകൾ/നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കണം


- അനുയോജ്യമായ മണ്ണ് തിരഞ്ഞെടുക്കണം
- കൃത്യമായ വളപ്രയോഗം
- കള, കീടനിയന്ത്രണം
- ജലസേചനം

# വിളയിക്കാം നൂറുമേനി

- വിത്തും നടീൽ വസ്തുക്കളും തിരഞ്ഞെടുക്കുമ്പോൾ നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

# വിളയിക്കാം നൂറുമേനി

- വിത്തും നടീൽ വസ്തുക്കളും തിരഞ്ഞെടുക്കുമ്പോൾ നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?




**ഫലം ചെടിയിൽ ഉണ്ടാകുന്നു**

**വിത്ത് ഫലത്തിൽ ഉണ്ടാകുന്നു**



ചെടി 1



ചെടി 2

**വിത്തു ശേഖരിക്കാൻ ഇവയിൽ ഏതു ചെടി നിങ്ങൾ തിരഞ്ഞെടുക്കും ? കാരണമെന്ത് ?**

# വിളയിക്കാം നൂറുമേനി

- ഒരു ചെടിയിൽ ആദ്യം ഉണ്ടാകുന്ന ഫലങ്ങൾ , മധ്യകാലത്തുണ്ടാകുന്ന ഫലങ്ങൾ, അവസാനമുണ്ടാകുന്ന ഫലങ്ങൾ ഇവയിൽ വിത്തു ശേഖരിക്കുന്നതിന് ഏതാണ് അനുയോജ്യം ?

# വിളയിക്കാം നൂറുമേനി

- ചില ഫലങ്ങളിൽ ധാരാളം വിത്തുകൾ ഉണ്ടാകുമല്ലോ? ഇവയെല്ലാം നടാൻ അനുയോജ്യമാണോ?

| വിത്തെടുക്കുന്ന ചെടി | വിത്തിനായി തിരഞ്ഞെടുക്കുന്ന ഫലം | തിരഞ്ഞെടുക്കുന്ന വിത്ത് |
|---|---|---|
| കായ്ഫലം കുറവുള്ളത് ☐ | ആദ്യമുണ്ടായ ഫലം ☐ | സ്വാഭാവികമായ ആകൃതിയുള്ളത് ☐ |
| കായ്ഫലം കൂടുതലുള്ളത് ☐ | അവസാനകാലത്ത് ഉണ്ടായ ഫലം. ☐ | സ്വാഭാവികമായ ഭാരമുള്ളത് ☐ |
| ആരോഗ്യമുള്ള ചെടി ☐ | മധ്യകാലത്തുണ്ടായ ഫലം ☐ | പുറന്തോടിൽ കേടുള്ളത് ☐ |
| രോഗബാധയുള്ളത് ☐ | മൂപ്പെത്തിയത് ☐ | ഭാരം കുറഞ്ഞത് ☐ |
| വളർച്ച മുരടിച്ചത് ☐ | മൂപ്പെത്താത്തത് ☐ | സ്വാഭാവിക വലിപ്പമുള്ളത് ☐ |

**പാഠപുസ്തകത്തിലെ പട്ടിക പൂർത്തിയാക്കി നിങ്ങളുടെ കണ്ടെത്തലുകൾ ശാസ്ത്രപുസ്തകത്തിൽ കുറിക്കുക**

# വിളയിക്കാം നൂറുമേനി

- കായ്ഫലം കൂടുതലുള്ള ചെടിയിൽ നിന്നും വിത്ത് ശേഖരിക്കണം.
- ആരോഗ്യമുള്ള ചെയിയിൽ നിന്നും വിത്ത് ശേഖരിക്കണം.
- ഒരു ചെടിയിലെ മധ്യകാലത്തുണ്ടാകുന്ന ഫലങ്ങളിൽ നിന്നും വിത്ത് ശേഖരിക്കണം.
- ഭാരമുള്ളതും വലുപ്പമുള്ളതുമായ വിത്തുകൾ തിരഞ്ഞെടുക്കണം

# വിളയിക്കാം നൂറുമേനി

വിത്ത് തിരഞ്ഞെടുക്കുമ്പോൾ ചെടി , ഫലം , വിത്ത് എന്നിവയുടെ ഗുണമേന്മയിൽ എന്തെല്ലാം പരിഗണിക്കണം ? ഒരു കുറിപ്പ് തയ്യാറാക്കൂ.

| ചെടി | ഫലം | വിത്ത് |
| --- | --- | --- |
| • ആരോഗ്യമുള്ളതായിരിക്കണം.<br>• നല്ല ഉൽപാദനശേഷി ഉള്ളതായിരിക്കണം.<br>• ഇളം പ്രായമുള്ളതോ ആയുസ്സുന്റെ അവസാനമെത്തിയതോആയിരിക്കരുത്. | • മൂപ്പെത്തിയത്.<br>• ചെടിയുടെ ആയുസ്സിന്റെമധ്യകാലത്ത് ഉണ്ടായത്.<br>• രോഗബാധയില്ലാത്തത്.<br>• പുഷ്ടിയുള്ളത്. | • സ്വാഭാവികമായ ആകൃതിയുള്ളത്.<br>• ആവശ്യത്തിന് ഭാരമുള്ളത്.<br>• പ്രാണികൾ ആക്രമിക്കാത്തത്.<br>• സ്വാഭാവികമായ നിറമുള്ളത്. |

DRAFT


# വിളയിക്കാം നൂറുമേനി

നമ്മുടെ വീട്ടുപരിസരത്ത്
തക്കാളിയോ മത്തനോ തനിയെ
മുളച്ചു വരുന്നത് കണ്ടിട്ടില്ലേ? തഴച്ചു
വളരുന്നുണ്ടെങ്കിലും ചിലതിൽ കുറച്ചു
കായ്കൾ മാത്രമേ
ഉണ്ടാകൂ.എന്തായിരിക്കാം ഇതിനു
കാരണം ?

# വിളയിക്കാം നൂറുമേനി

ഗുണമേന്മയും ഉല്പാദനശേഷിയുമുള്ളതുമായ വിത്തിൽ നിന്നും മുളയ്ക്കുന്ന ചെയികളിൽ മാത്രമേ നല്ല കായ്കൾ ഉണ്ടാകൂ .

- നല്ല വിളവ് ലഭിക്കാൻ ഗുണമേന്മയുള്ള വിത്ത് തിരഞ്ഞെടുക്കണം .


ജനിദണ്ഡ്
തന്തുകം
പരാഗണസ്ഥലം
പരാഗരേണുക്കൾ
അണ്ഡം
ദളം
പരാഗി
വിദളം
കേസരപുടം
അണ്ഡാശയം
ജനിപുടം
പുഷ്പവൃതി
കേസരം
പൂഞെട്ട്

# വിളയിക്കാം നൂറുമേനി

- പൂക്കളിൽ പുംബീജം കാണുന്ന ഭാഗം ഏതാണ്?
- പൂക്കളിൽ അണ്ഡം എവിടെയാണ് കാണുന്നത് ?
- എന്താണ് പരാഗണം ?
- വിത്തുണ്ടാകുന്നതെങ്ങനെ ?

# വിളയിക്കാം നൂറുമേനി

**വിത്തിൽ നിന്നും പുതിയ തൈച്ചെടി ഉണ്ടാകുന്ന പ്രവർത്തനമാണ് ലൈംഗീക പ്രത്യുല്പാദനം.**

# വിളയിക്കാം നൂറുമേനി


## വിത്തിൽ നിന്നു മാത്രമാണോ പുതിയ ചെടികൾ ഉണ്ടാവുന്നത് ?



കറിവേപ്പ്



ഇഞ്ചി



ഇലമുളച്ചി



കുരുമുളക്

- കറിവേപ്പ് - ..............................
- ഇഞ്ചി - ..............................
- ഇലമുളച്ചി - .............................
- കുരുമുളക് - ..............................


**ഈ ചെടികളിൽ ഏതു ഭാഗത്തു നിന്നുമാണ് പുതിയ ചെടികൾ ഉണ്ടാകുന്നത്? ശാസ്ത്രപുസ്തകത്തിൽ കുറിക്കൂ**



കറിവേപ്പ്



ഇഞ്ചി



ഇലമുളച്ചി



കുരുമുളക്

- കറിവേപ്പ് - വേര്...............................
- ഇഞ്ചി - ഭ്രൂകാണ്ഡം..........................
- ഇലമുളച്ചി - ഇല.............................
- കുരുമുളക് - തണ്ട്...............................

**ഒരു സസ്യത്തിന്റെ കായിക ഭാഗങ്ങളായ വേര് , തണ്ട് , ഇല ,ഭ്രൂകാണ്ഡം എന്നിവയിൽ നിന്നും പുതിയ തൈച്ചെടികൾ ഉണ്ടാകുന്ന പ്രവർത്തനമാണ് കായിക പ്രജനനം**

# പട്ടിക പൂർത്തിയാക്കുക

| കായികപ്രജനനം | | | | ലൈംഗികപ്രത്യുൽപാദനം |
|---|---|---|---|---|
| വേര് | കാണ്ഡം | ഇല | ഭൂകാണ്ഡം | വിത്ത് |
| ശീമപ്ലാവ് | മുരിങ്ങ | ഇലമുളച്ചി | കാച്ചിൽ | മുരിങ്ങ |
| | | | | |
| | | | | |
| | | | | |

# വിളയിക്കാം നൂറുമേനി

## കായിക പ്രജനനവും ലൈംഗീക പ്രത്യുല്പാദനവും നടത്തുന്ന സസ്യങ്ങൾ ഉണ്ടോ?

# പട്ടിക പൂർത്തിയാക്കു

| കായികപ്രജനനംവഴി പുതിയ തൈ ഉണ്ടാക്കാൻ കഴിയുന്നവ | ലൈംഗികപ്രത്യുൽപാദനം പുതിയ തൈ ഉണ്ടാക്കാൻ കഴിയുന്നവ | രണ്ടുരീതിയിലും പുതിയ തൈ ഉണ്ടാക്കാൻ കഴിയുന്നവ |
|---|---|---|
| | | |

**വേര് , തണ്ട് , ഇല , ഭൂകാണ്ഡം എന്നിവ നടീൽ വസ്തുക്കളാണ് .**
**ഇവ തിരഞ്ഞെടുക്കുന്നത് ഗുണമേന്മയുള്ള സസ്യങ്ങളിൽ നിന്നുമായിരിക്കണം .**